അകത്തുവച്ച് ഒറപ്പാലം സർക്കിൾ ഇൻസ്പെക്ടർ അറസ്റ്റ് ചെയ്തു കൊണ്ടുപോയി. ബാർ കൗൺസിൽ അതിൽ പ്രതിഷേധിക്കുകയും ചെയ്തു. അത്തരത്തിൽ ഈ പ്രതികളോട് അപമര്യാദയായി പെരുമാറിയ സർക്കിൾ ഇൻസ്പെക്ടറുടെ പേരിലോ സബ് ഇൻസ്പെക്ടറുടെ പേരിലോ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? അതേക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് വല്ല വിവരവും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. വയലാർ രവി : അതേക്കുറിച്ച് ഞാൻ അന്വേഷിക്കാം.

ഭക്ഷ്യധാന്യ വ്യാപാരത്തിന് ലൈസൻസ്

* 150. ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, കോടിയേരി ബാലകൃഷ്ണൻ :
,, വി. ജെ. തങ്കപ്പൻ :
,, ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ മാർക്കറ്റിൽ ഭക്ഷ്യധാന്യ വ്യാപാരത്തിന് ലൈസൻസ് നൽകുന്നതിന് നിലവിലുള്ള നിബന്ധനകൾ എന്തെല്ലാമാണ് ;

(ബി) ഈ നിബന്ധനകൾക്ക് വിരുദ്ധമായി സംസ്ഥാനത്ത് ആർക്കെങ്കിലും ഭക്ഷ്യധാന്യ വ്യാപാരത്തിനു ലൈസൻസ് നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആർക്കൊക്കെ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഓപ്പൺ മാർക്കറ്റിൽ ഭക്ഷ്യധാന്യവ്യാപാരത്തിന് ലൈസൻസ് ആവശ്യമുള്ളവർ 1967-ലെ കേരളാ ഫുഡ്ഗ്രെയിൻസ് ഡീലേഴ്സ് ലൈസൻസിംഗ് ഓർഡറിൽ കാണിച്ചിരിക്കുന്ന 'എ' ഫോമിൽ അപേക്ഷിക്കേണ്ടതാണ്. ലൈസൻസ് കൈപ്പറ്റുന്നതിന് മുമ്പായി പ്രസ്തുത ലൈസൻസിംഗ് ഓർഡറിൽ കാണിച്ചിട്ടുള്ള സെക്യൂരിറ്റി അപേക്ഷകൻ അടയ്ക്കേണ്ടതുമാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : ഭക്ഷ്യധാന്യ ലൈസൻസ് എടുക്കുന്ന ആൾക്കാർ അയാളുടെ മക്കളോ ബന്ധുക്കളോ മറ്റാരെങ്കിലുമോ മൊത്തമായോ റീട്ടെയിലായോ റേഷൻവ്യാപാരത്തിൽ ഏർപ്പെട്ടവരായിരിക്കരുത് എന്ന് അതിൽ പ്രത്യേക വ്യവസ്ഥയുണ്ടോ ? ആ വ്യവസ്ഥ ലംഘിച്ച് ആർക്കെങ്കിലും ലൈസൻസ് കൊടുത്തിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : റേഷൻ ലൈസൻസിംഗിന് പ്രത്യേകമായിട്ടുള്ള വ്യവസ്ഥകളാണുള്ളത്. അവരും ഫുഡ്ഗ്രെയിൻസ് ഡീലേഴ്സ് ലൈസൻസ് എടുക്കേണ്ടതായിട്ടുണ്ട്. വ്യവസ്ഥ ലംഘിച്ചിട്ട് ആർക്കും ലൈസൻസ് കൊടുത്തതായി വിവരമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : എന്റെ ചോദ്യം അതല്ല, ഫുഡ് ഗ്രെയിൻ ഡീലേഴ്സ് ലൈസൻസ് ലഭിക്കുന്ന ഒരാൾ റേഷൻ വ്യാപാരവുമായി അദ്ദേഹത്തിന്റെ മകനോ, ബന്ധുക്കളോ ആരും ബന്ധപ്പെട്ട ആളായിരിക്കരുത് എന്ന് അതിൽ വ്യവസ്ഥയുണ്ടോ ? ഉണ്ടെങ്കിൽ ആ വ്യവസ്ഥ ലംഘിച്ച് ആർക്കെങ്കിലും ലൈസൻസ് കൊടുത്തിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : ഓപ്പൺ മാർക്കറ്റിൽ അരിയുടെ വ്യാപാരം നടത്തുന്നവർക്ക് റേഷൻ വ്യാപാരം നടത്താൻ പാടില്ല എന്ന് റേഷനിംഗ് ഓർഡറിൽ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ ലംഘിച്ച് ആർക്കും. ഇതുവരെ അനുമതി നൽകിയിട്ടില്ല.

ശ്രീ. കെ.പി.അരവിന്ദാക്ഷൻ : അദ്ദേഹം ഇപ്പോഴും പറയുന്നത് റേഷൻ വ്യാപാരത്തിൽ ലൈസൻസ് കൊടുക്കാനുള്ള വ്യവസ്ഥയാണ്. എന്റെ ചോദ്യം സ്വകാര്യമാർക്കറ്റിൽ അരിയുടെ വ്യാപാരം നടത്തുന്നതിന് ലൈസൻസ് വാങ്ങുന്ന ഒരാൾ റേഷൻ മൊത്തവ്യാപാരമോ റീട്ടെയിൽ വ്യാപാരമോ നടത്തുന്ന ആരുമായിട്ടും ബന്ധമുള്ള ആളായിരിക്കരുത് എന്നുള്ള പ്രത്യേക വ്യവസ്ഥയുണ്ടോ ? അല്ലാതെ റേഷൻ വ്യാപാരത്തിന് ഉള്ള വ്യവസ്ഥകളെ പറ്റിയല്ല.

ശ്രീ. യു. എ. ബീരാൻ : ബന്ധമുള്ള ആളുകളെ സംബന്ധിച്ച് റേഷനിംഗ് ഓർഡറിൽ വ്യവസ്ഥയില്ല. ആ ആളുകളും അങ്ങനെ ചെയ്യുന്നവരാണെങ്കിൽ ആവർക്ക് ലൈസൻസ് കൊടുക്കാൻ പാടില്ല എന്ന് റേഷനിംഗ് ഓർഡറിൽ വ്യവസ്ഥയുണ്ട്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : ഈ വ്യവസ്ഥ ലംഘിച്ച് പല സ്ഥലത്തും ലൈസൻസ് കൊടുക്കുന്നു, റേഷൻ വ്യാപാരം നടത്തുന്ന അതേ കെട്ടിടത്തിൽതന്നെ അത് നടത്തുന്ന ആളുകളുടെ ബന്ധുക്കളും സ്വകാര്യ അരിവ്യാപാരം നടത്തുന്നു എന്ന് ഉള്ള ആക്ഷേപം മാതൃഭൂമിയിൽ പ്രത്യേകമായി ഒരു സീരീസ്തന്നെ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇത് പലേടത്തും മന്ത്രിയുടെ അറിവോടുകൂടിയാണ് നടത്തുന്നത് എന്നുള്ളതിന് പല ഉദാഹരണങ്ങളും കാണിച്ചിട്ടുണ്ട്. അത്തരം ലൈസൻസ് കൊടുത്തതിന്റെ പേരിൽ വല്ല നടപടികളും എടുത്തിട്ടുണ്ടോ ? മാതൃഭൂമിയിൽ പേരുവച്ച് സീരീസ് വന്നതിനുശേഷവും അങ്ങനെ ലൈസൻസ് കൊടുക്കുന്ന സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്ന നയമാണോ എടുക്കുന്നത് ?

ശ്രീ. യു. എ. ബീരാൻ : ഞാൻ ആദ്യംതന്നെ പറഞ്ഞു, കഴിയുന്നതും ലൈസൻസിംഗ് ഓർഡറിലെ വ്യവസ്ഥകൾ പാലിക്കുകതന്നെ വേണം. അതിനുള്ള കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതെങ്കിലും അത് ലംഘിച്ചിട്ടുണ്ട് എന്നുള്ള പരാതി ലഭിക്കുകയാണെങ്കിൽ അതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതാണ്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കുറയ്ക്കത്തക്കനിലയിൽ വിപുലമായി ലൈസൻസ് കൊടുക്കുന്നതിന്റെ അർത്ഥമെന്താണ് ? സിവിൽ സപ്ലൈസ് കോർപ്പറേഷൻ അടച്ചുപൂട്ടാനുള്ള ഗവൺമെന്റിന്റെ ചില നിർദ്ദേശങ്ങളും കണ്ടു. ആ നിർദ്ദേശം വരുന്നതിനു മുമ്പുതന്നെ ഇതുപോലെ റേഷൻഷോപ്പിന്റെ അടുത്തുതന്നെ സ്വകാര്യ വ്യാപാരത്തിന് ലൈസൻസ് കൊടുക്കുന്ന ഏർപ്പാടുകളും നടക്കുന്നുണ്ട്, നടന്നിട്ടുണ്ട്, ഇത്തരം കാര്യങ്ങളും നിർത്താനാവശ്യമായ നടപടികളും ഗവൺമെന്റ് സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ചുള്ള ചോദ്യമല്ല ഇത്. എങ്കിലും ബഹുമാനപ്പെട്ട കുറുപ്പ് ചോദിച്ച സ്ഥിതിക്ക് പറയുകയാണ്, സിവിൽസപ്ലൈസ് കോർപ്പറേഷൻ അടച്ചുപൂട്ടാനുള്ള യാതൊരുദ്ദേശവുമില്ല. അങ്ങനെയുള്ള റിപ്പോർട്ടുകളെല്ലാം അടിസ്ഥാനരഹിതമാണ്. ഈ വ്യവസ്ഥകൾ പാലിക്കാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : റേഷൻ ഷാപ്പിനടുത്തുതന്നെ ഇതുപോലെ ലൈസൻസ് കൊടുക്കുന്നത് നിർത്താനാവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : തീർച്ചയായും സ്വീകരിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഭക്ഷ്യധാന്യം വ്യാപാരത്തിന് ലൈസൻസ് കിട്ടിയവർ ആ ലൈസൻസ് ദുരുപയോഗപ്പെടുത്തുന്ന ധാരാളം സംഭവമുണ്ട്. ചിറ്റൂരിൽ, കൊഴിഞ്ഞാമ്പാറയിൽ രാമരാജ റൈസ്മില്ലിന് അരി വിതരണം ചെയ്യുന്നതിനാണ് ലൈസൻസ് കൊടുത്തത്. അവിടെനിന്ന് 635 ചാക്ക് ഗോതമ്പ് പിടിച്ച ഒരു കേസുണ്ടായി. ഈ കേസ് കളക്ടർ ഏറ്റെടുക്കുകയും പിന്നീട് ആ ഗോതമ്പ് അവർക്ക് വിട്ടുകൊടുക്കുകയും ചെയ്ത സംഭവം പത്രങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അത് വിട്ടുകൊടുത്തവർക്കെതിരെ വല്ല നടപടികളും ഡിപ്പാർട്ടുമെൻറ് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചത് പ്രത്യേക ചോദ്യമാണ്. പ്രത്യേകമായി ചോദിച്ചാൽ അതിനെ സംബന്ധിച്ച് അന്വേഷിച്ച് വിവരം നൽകുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കെ. പി. അരവിന്ദാക്ഷന്റെ ചോദ്യത്തിന് ബന്ധുക്കൾക്ക് ലൈസൻസ് കൊടുക്കുകയില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പക്ഷേ ആ ചട്ടം ലംഘിച്ചുകൊണ്ട് കൊല്ലം ജില്ലയിലെ പത്തനാപുരം റേഷൻ മൊത്തവ്യാപാരികളായ അഞ്ചുപേരുടെ ഉറ്റബന്ധുക്കൾ പൊതുവിപണിയിൽ അരിവ്യാപാരം നടത്തുന്ന കാര്യം ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അതിന്റെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : ഇതുവരെയും അങ്ങനെയൊരു സംഗതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഇതിനെ സംബന്ധിച്ച് പരാതി ലഭിക്കുകയാണെങ്കിൽ അത് അന്വേഷിക്കുന്നതാണ്. അങ്ങനെ നിയമ വിരുദ്ധമായി ആരെങ്കിലും ലൈസൻസ് കൊടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : നമ്മുടെ സംസ്ഥാനത്ത് ഭക്ഷ്യധാന്യ മൊത്ത വ്യാപാരത്തിന് എത്രപേർക്ക് ലൈസൻസ് കൊടുത്തിട്ടുണ്ട് ?

ശ്രീ. യു. എ. ബീരാൻ : നമ്മുടെ സംസ്ഥാനത്തൊട്ടാകെ മൊത്ത വ്യാപാരത്തിന് 4295 വ്യാപാരികൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ട്. റീട്ടെയിൽ വ്യാപാരികളായി 6652 പേർക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

ശ്രീ. വി. ജെ. തങ്കപ്പൻ : പുറം സംസ്ഥാനങ്ങളിൽ നിന്ന് അരി കൊണ്ടുവന്ന് ഇവിടെ കച്ചവടം നടത്തുന്നതിന് പ്രത്യേകം ലൈസൻസ് ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് ആർക്കെല്ലാമാണ് കൊടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : അതും മൊത്തവ്യാപാര ലൈസൻസിന്റെ പരിധിയിൽ പെടുന്നതാണ്.

ശ്രീ. പി. പി. തങ്കച്ചൻ : വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഞാൻ ചോദിക്കാൻ പോകുന്നത്. അഞ്ചു ലക്ഷം ടെമ്പററി കാർഡുകളുടെ കാലാവധി ഇന്നത്തെകൊണ്ട് തീരുകയാണ്. അതുകൊണ്ടും ആളുകൾ നാളെ മുതൽ വളരെ ബുദ്ധിമുട്ട് നേരിടാൻ പോവുകയാണ്. ഗവൺമെന്റിൽ നിന്ന് അവർക്ക് കാർഡ് കിട്ടാൻ കാലതാമസം വരുമെന്നുള്ളത് പരിഗണിച്ച് ഒന്നുകിൽ അവർക്ക് സമയത്തിന് സാവകാശം കൊടുക്കണം, അല്ലെങ്കിൽ അവർക്ക് കാർഡ് കൊടുക്കണം.

ശ്രീ. യു. എ. ബീരാൻ : നാലുലക്ഷത്തിലധികം ടെമ്പററി കാർഡുകളാണ് നൽകിയിരിക്കുന്നത്. അതിൽ 60 ശതമാനത്തിലധികവും പുതിയ കാർഡുകളാണ് നൽകിക്കഴിഞ്ഞു. ബാക്കിവരുന്നയാളുകൾക്ക് കാർഡുകൾ നൽകുന്നതിന് രണ്ടുമാസത്തേക്കുകൂടി അവധി നീട്ടിക്കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ : റേഷൻ വിതരണത്തിന് ആവശ്യമായ മൊത്തവ്യാപാരം ഏറ്റെടുത്ത സഹകരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആ മേഖലയിൽ നിന്ന് ക്യാൻസൽ ചെയ്യുകയും അത് സ്വകാര്യ വ്യക്തികൾക്ക് കൊടുക്കണമെന്ന് തീരുമാനിക്കുകയും ചെയ്തുവെന്ന് അറിയുന്നു. എന്ത് മാനദണ്ഡം വച്ചാണ് അത് കൊടുക്കുന്നത് ? സഹകരണമേഖലയ്ക്ക് അത് വീണ്ടും നൽകി ,അതിന്റെ ആദായം അവർക്ക് തന്നെ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ലൈസൻസ് റദ്ദ് ചെയ്തത് സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടില്ല. മുമ്പ് പല പ്രാവശ്യവും ഈ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ചില സ്ഥലങ്ങളിൽ ഉപഭോക്താക്കളുടെ സൗകര്യം മാനിച്ച് പുതിയ ഹോൾസെയിൽ ഡിപ്പോ വരുകയും മുമ്പുണ്ടായിരുന്നത് വിഭജിക്കുകയും ചെയ്യുന്നപ്രശ്നം വരുമ്പോൾ സഹകരണ സംഘങ്ങൾ നടത്തുന്നതും വിഭജിക്കേണ്ടിവരും. അതല്ലാതെ ഒന്നിൽനേറെയും ലൈസൻസ് റദ്ദ് ചെയ്തിട്ടില്ല.

ശ്രീ. കെ. കൃഷ്ണൻ കുട്ടി : ബഹുമാനപ്പെട്ട കോറിയേരി ചോദ്യം ചോദിച്ചപ്പോൾ അന്വേഷിക്കാമെന്ന് മന്ത്രി പറഞ്ഞു. ചിറ്റൂരിൽ 635 ചാക്ക് ഗോതമ്പ് പിടിച്ചത് പോലീസാണ്. യാതൊരു രേഖയും അപ്പോൾ മില്ലുടമയ്ക്ക് ഹാജരാക്കുവാൻ സാധിച്ചില്ല. അതിനുശേഷം ഒരു മാസം കഴിഞ്ഞ് കൃത്രിമമായി ബില്ലുണ്ടാക്കി, കളക്ടർ അത് വിട്ടുകൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. അതിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടാണ് അത് വിട്ടുകൊടുത്തത് എന്നാണ് അവിടെ കേൾക്കുന്നത്. അങ്ങനെയല്ലെങ്കിൽ അതിനെപ്പറ്റി വിശദമായ അന്വേഷണം നടത്തുമോ ; അത് വിട്ടുകൊടുക്കാൻ തീരുമാനിച്ച ആളുകളുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : ഞാൻ പറഞ്ഞിട്ടാണ് കളക്ടർ അത് വിട്ടുകൊടുത്തത് എന്ന് ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി പറഞ്ഞ ആരോപണത്തെ ഞാൻ നിഷേധിക്കുകയാണ്. ഞാൻ അതിൽ ഇടപെട്ടിട്ടില്ല. അതുകൊണ്ടാണ് ബാലകൃഷ്ണൻ ചോദിച്ചപ്പോൾ വ്യക്തമായിട്ട് ചോദ്യ ചോദിച്ചാൽ മറുപടി പറയാമെന്ന് പറഞ്ഞത്. അത് കൃഷ്ണൻകുട്ടി പരാതിയായി എഴുതിത്തന്നാൽ വ്യക്തമായി അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ : റേഷൻ സാധനങ്ങളുടെ വില വർദ്ധനവും ഷോപ്പുടമകളുടെ അദ്ധ്വാന ഭാരവും വർദ്ധിച്ചിട്ടുള്ള ഈ സാഹചര്യത്തിൽ അവരുടെ കമ്മീഷൻ വർദ്ധിപ്പിച്ചുകൊടുക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിച്ചുകൊടുക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ ഇന്നത്തെ സാഹചര്യത്തിൽ അത് ബുദ്ധിമുട്ടായിട്ടാണ് തോന്നുന്നത്.

ശ്രീ. ജി. വരദൻ : *சில ரேஷன் கடைகளில் ரேஷன் கார்டு சொந்தமாக உள்ள ஆளுகள் கள்ள கார்டுகள் வைத்திருக்கிறார்கள். அதாவது ஒரு ரேஷன் கடையில் குறைந்தது 20, 30, 40 கார்டுகள் உள்ளன. இவர்கள் மீது விசாரணை நடத்த அமைச்சர் அவர்கள் தயாராவார்களா ?*

ശ്രീ. യു. എ. ബീരാൻ : കഴിയുന്നത്ര കള്ളക്കാർഡുകൾ ഒഴിവാക്കാനുള്ള ശ്രമം പുതുക്കിയ റേഷൻകാർഡുകൾ വിതരണം ചെയ്ത അവസരത്തിൽ ഉദ്യോഗസ്ഥൻമാർ സ്വീകരിച്ചിട്ടുണ്ട്. ഇനിയും കള്ളക്കാർഡ് ഉണ്ടെന്ന് ആരെങ്കിലും റിപ്പോർട്ടു ചെയ്യുകയാണെങ്കിൽ അത് പരിശോധിക്കാൻ തയ്യാറാണ്.

ശ്രീ. തച്ചടി പ്രഭാകരൻ : ഓപ്പൺ മാർക്കറ്റിനും മൊത്ത വ്യാപാരത്തിനും റീട്ടെയിൽ ലൈസൻസ് കൊടുക്കുന്നയവസരത്തിൽ സ്വകാര്യവ്യക്തികളും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും അപേക്ഷിച്ചാൽ ഫസ്റ്റ് പ്രിഫറൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് കൊടുക്കാൻ ഇന്നത്തെ റൂളിൽ തടസ്സമുണ്ടെങ്കിൽ അതിനനുസരണമായ രീതിയിൽ റൂളിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : ഇവിടെ എല്ലാ സംഗതികളും തുല്യമായി നിൽക്കുമ്പോൾ അതിൽ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകണമെന്ന് മാത്രമേ റേഷനിംഗ് ഓഡറിൽ വ്യവസ്ഥയുള്ളു.

ശ്രീ. വി. സി. കബീർ : പട്ടാമ്പി മെമ്പറുടെ ചോദ്യത്തിന് സഹകരണ സ്ഥാപനങ്ങളെ മൊത്തവ്യാപാര പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടില്ല എന്ന് മന്ത്രി പറഞ്ഞു. എന്നാൽ ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിക്ക് കൊടുത്ത ലൈസൻസ് ഒഴിവാക്കി പകരം സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കാൻ ശ്രമിച്ചതിനെ സംബന്ധിച്ച് ഏതെങ്കിലും കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ സത്യാവസ്ഥ എന്താണ് ?

ശ്രീ. യു. എ. ബീരാൻ : ഒറ്റപ്പാലം പ്രദേശത്തൊട്ടാകെ വളരെയധികം ഷോപ്പുകൾ സഹകരണ സംഘത്തിന്റെ കീഴിൽ ആയിരുന്നതുകൊണ്ട് കൊമ്പം പ്രദേശങ്ങളിലുള്ള ആളുകൾക്ക് അരി വാങ്ങിക്കാൻ ബുദ്ധിമുട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ കൊമ്പത്ത് പുതിയ ഹോൾസെയിൽ ഡിപ്പോ സ്ഥാപിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. പക്ഷേ ആ തീരുമാനം സംബന്ധിച്ച് ആ സൊസൈറ്റി ഹൈക്കോടതിയിൽ കേസ് കൊടുത്തിട്ടുണ്ട്. ഹൈക്കോടതിയിൽ ഇപ്പോഴും കേസ് നിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly